പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2127 13/06/2019-ൽ മറുപടിക്ക്

## എച്ച്.ഐ.വി. ബാധിതർക്ക് സഹായപദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഒ. ആർ. കേളു** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി )** |
| എ) | സംസ്ഥാനത്തെ എച്ച്.ഐ.വി. ബാധിതരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | എ) | എച്ച്. ഐ. വി. ബാധിതരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| ബി) | നിലവിൽ എച്ച്.ഐ.വി. ബാധിതർക്ക് നൽകി വരുന്ന സഹായപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ബി) | നിലവിൽ എച്ച്.ഐ.വി. ബാധിതർക്ക് നൽകി വരുന്ന സഹായപദ്ധതികൾ ചുവടെ ചേർക്കുന്നു.<br>i ജില്ല പഞ്ചായത്ത് /മുൻസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവയുടെ സഹായത്തോടെ എച്ച്. ഐ. വി . അണുബാധിതർക്ക് പോഷകാഹാര വിതരണം എച്ച് . ഐ. വി. അണുബാധിതരുടെ ജില്ല തല സംഘടനകളിലൂടെ നടപ്പിലാക്കി വരുന്നു.<br>ii) കേരളത്തിലെ എ. ആർ. ടി . കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ എച്ച്. ഐ. വി . ബാധിതർക്കും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സഹായത്തോടെ പ്രതിമാസം 1000/- രൂപ ധനസഹായമായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി മുഖേന നൽകി വരുന്നു.<br>iii) എ. ആർ. ടി കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ എച്ച്. ഐ. വി . ബാധിതർക്കും സൗജന്യ ചികിത്സയും , പരിശോധനകളും ലഭ്യമാക്കുന്നു.<br>iv) എച്ച്.ഐ. വി . അണുബാധിതരായിട്ടുള്ള സ്ത്രീകൾക്ക് ഗർഭാശയ പരിശോധന എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി നടപ്പിലാക്കി വരുന്നു.<br>v) എച്ച്. ഐ. വി . ബാധിതരായി ജീവിച്ചിരിക്കുന്ന |

| | | | |
|---|---|---|---|
| | | | അണുബാധിതരായ കുട്ടികളെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന 'സ്നേഹപൂർവ്വം' വിദ്യാഭ്യാസ സ്കോളർഷിപ് പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നു.<br>vi) എച്ച്. ഐ. വി . ബാധിതരായ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അവർക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കി കൊടുക്കുന്നു.<br>vii) എച്ച്. ഐ. വി . ബാധിതരായ കുടുംബങ്ങളെയും വ്യക്തികളെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

| ക്രമ നം | ജില്ല | പരിശോധനയ്ക്ക് വിധേയമായവർ | അണുബാധ സ്ഥിരീകരിച്ചവർ |
|---|---|---|---|
| 1 | തിരുവനന്തപുരം | 1235002 | 6309 |
| 2 | കൊല്ലം | 733884 | 1451 |
| 3 | പത്തനംതിട്ട | 314969 | 813 |
| 4 | ആലപ്പുഴ | 626812 | 1562 |
| 5 | കോട്ടയം | 514086 | 2836 |
| 6 | ഇടുക്കി | 271083 | 607 |
| 7 | എറണാകുളം | 680383 | 2444 |
| 8 | തൃശൂർ | 661445 | 5670 |
| 9 | പാലക്കാട് | 486012 | 2984 |
| 10 | മലപ്പുറം | 624507 | 845 |
| 11 | കോഴിക്കോട് | 802574 | 4956 |
| 12 | വയനാട് | 221548 | 601 |
| 13 | കണ്ണൂർ | 479367 | 2164 |
| 14 | കാസർഗോഡ് | 331412 | 1506 |
| | ആകെ | 7983084 | 34748 |

[illegible signature]